ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 16 പൈതൃക നിർമ്മിതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പൈതൃക കെട്ടിടങ്ങളിൽ ഗവൺമെന്റ് ആർട്സ് കോളേജ്, തിരുവനന്തപുരം, കേരള പാലസ്, കുറ്റാലം; ടൗൺഹാൾ തൃശ്ശൂർ; കൊച്ചി സ്റ്റേറ്റ് അസംബ്ലി ഹാൾ, ഗവൺമെന്റ് ലോ കോളേജ്, എറണാകുളം; മഹാരാജാസ് കോളേജ്, എറണാകുളം; യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം എന്നിവയുടെ ഡോക്യുമെന്റേഷൻ പൂർത്തിയായിട്ടുണ്ട്.

അക്കാദമിക് സിറ്റി

14(*254) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാദമിക് സിറ്റിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ-സി) നിയമനിർമ്മാണത്തിന് വിധേയമായി വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടുകൂടി കേരളത്തിൽ അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിനായുള്ള പ്രക്രിയയ്ക്ക് ആരംഭം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ വിദേശ സർവ്വകലാശാലകൾക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ചേർന്ന് ടിന്വിംഗ് പ്രോഗ്രാം മുഖേന വിദ്യാർത്ഥികൾക്ക് കോഴ്സുകൾ വാഗ്ദാനം ചെയ്യാൻ അവസരമൊരുക്കുക എന്നതാണ് അക്കാദമിക് സിറ്റിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിനായുള്ള ഒരു അന്താരാഷ്ട്ര ഹബ്ബായി മാറ്റാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അക്കാദമിക് സിറ്റി രൂപീകരിക്കുന്നതിന്റെ ആദ്യപടിയായി 2016 ജനുവരി 29,30 തീയതികളിൽ കോവളത്തുവച്ച് ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സംഗമത്തിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും അക്കാദമിക് സിറ്റിയെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly